**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3720** **30.01.2014-ൽ മറുപടിയ്ക്ക്**

## 'സ്മൈൽ പദ്ധതി'

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.പി.കെ.ബഷീർ** | | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** | |
| (എ) | കായികവകുപ്പിന് കീഴിൽ 'സ്മൈൽ പദ്ധതി' എന്നൊരു പദ്ധതി നിലവിലുണ്ടോ ; എങ്കിൽ ഏതെല്ലാം പ്രവർത്തികളാണ് പ്രസ്തുത പദ്ധതിയിൻകീഴിൽ നടത്തുന്നത് ഓരോന്നിന്റേയും വിശദാംശങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കുമോ ; | (എ) | ഉണ്ട്.<br>സ്വിമ്മിംഗ് പൂൾ : 25 x12.5 മീറ്റർ വലിപ്പത്തിൽ 1.2 x1.5 മീറ്റർ ആഴത്തിൽ 50 ലക്ഷം രൂപ ചിലവിൽ 20 സെന്റ് സ്ഥലത്ത് നിർമ്മിക്കുന്ന സ്വിമ്മിംഗ് പൂളിൽ നീന്തൽ പരിശീലനത്തിനും , പ്രാദേശിക മത്സരങ്ങൾ നടത്തുന്നതിനുമുള്ള സൗകര്യങ്ങൾ ഉണ്ടായിരിയ്ക്കും.<br><br>സിന്തറ്റിക്ക് റൺ വേയോടു കൂടിയ ലോംഗ് ജംപ്, ട്രിപ്പിൾ ജംപ് പിറ്റ്: 45 മീറ്റർ നീളത്തിലുള്ള റൺ അപ്പ് ട്രാക്കും, 1.25 മീറ്റർ വീതിയിലുമുള്ള സിന്തറ്റിക്ക് പ്രതലം , 8 സെന്റ് സ്ഥലത്ത് 6 ലക്ഷം രൂപ ചിലവിൽ നിർമ്മിയ്ക്കുന്നു.<br><br>4 ലൈൻ റണ്ണിംഗ് ട്രാക്ക്: ട്രാക്കിന്റെ നീളം 125 മീറ്റർ, വീതി 5 മീറ്റർ 35 സെന്റ് സ്ഥലത്ത് 50 ലക്ഷം രൂപ ചിലവിൽ നിർമ്മിയ്ക്കുന്നു.<br><br>സിന്തറ്റിക്ക് പ്രതലത്തോടു കൂടിയ ഹൈജംപ് റൺ വേ ലാന്റിംഗ് മാട്രസ്സ്: 50 മീറ്റർ നീളവും x 40 മീറ്റർ വീതിയും, 50 സെന്റ് സ്ഥലത്ത് 36 ലക്ഷം രൂപ ചിലവിൽ നിർമ്മിയ്ക്കുന്നു.<br><br>കബഡി ഫ്ളോറിംഗ്: 21 X 18 മീറ്ററിൽ 10 സെന്റ് സ്ഥലത്ത് 6 ലക്ഷം രൂപയുടെ സിന്തറ്റിക് കബഡി ഗ്രൗണ്ട് നിർമ്മിയ്ക്കുന്നു.<br>ഷട്ടിൽ ബാറ്റ്മിന്റൺ കോർട്ട്: സിന്തറ്റിക്ക് കോർട്ടിനാവശ്യമായ ഫെൻസിംഗ്, 15 മീറ്റർ X 8 മീറ്ററിൽ 4 സെന്റ് സ്ഥലത്ത് 6 ലക്ഷം രൂപ ചിലവിൽ നിർമ്മിയ്ക്കുന്നു. |

മാപ്പിൾ വുഡ് ഫ്ളോറിംഗ്: നിലവിലുള്ള സിമെന്റ് ഫ്ളോർ മാപ്പിൾ വുഡ് ഫ്ളോർ ആക്കുകയാണ് ചെയ്യുന്നത്. 350 സ്ക്വയർ ഫീറ്റിലുള്ള ബാസ്ക്കറ്റ്ബോൾ കോർട്ട് 32 മീറ്റർ x19 മീറ്റർ മാപ്പിൾ വുഡ് ഫ്ളോറിംഗ് ആക്കുന്നതിന് 25 ലക്ഷം രൂപ ചിലവ് വരും.
മൾട്ടി പർപ്പസ് പ്ലേ സ്പെയിസും 25 ലക്ഷം രൂപയിൽ നിർമ്മിച്ച് നൽകുന്നു.

മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്:

1. പുതിയ കളിസ്ഥലം ഒരുക്കുന്നതിന്ആവശ്യമായ സ്ഥലസൗകര്യം. സ്ഥലം ഉടമയുടെ അനുമതി കത്ത് വേണം. ടി സ്ഥലത്തിന്മേൽ യാതൊരു വിധ ബാധ്യതയും ഇല്ലായെന്ന് ഉറപ്പു വരുത്തുകയും വേണം.

2. കളിസഥലം നിർമ്മിയ്ക്കാനുദ്ദേശിക്കുന്ന പ്രദേശത്തുള്ള കുട്ടികളുടെയും, യുവാക്കളുടെയും കളിയോടുള്ള താല്പര്യവും പ്രാവീണ്യവും ടി പദ്ധതി നടപ്പാക്കുന്ന സ്ഥാപനങ്ങളിൽ കായിക അദ്ധ്യാപകന്റെ സേവനം ലഭ്യമായിരിക്കണം.

3. കായികതാരങ്ങൾക്ക് കളിസ്ഥലത്ത് വന്ന് ചേരുന്നതിനുള്ള വാഹനസൗകര്യം.

4. ജില്ലാ സംസ്ഥാന സ്കൂൾ മത്സരങ്ങളിലും യൂണിവേഴ്സിറ്റി ഇന്റർ കോളേജിയറ്റ് മത്സരങ്ങളിലും പങ്കെടുത്ത് നേട്ടങ്ങൾ കൈവരിക്കുന്ന സ്കൂളുകളിലേയും കോളേജുകളിലേയും കളിസ്ഥലങ്ങളുടെ വികസനം.

5. കായികപരമായി വളരെയധികം നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള അംഗീകൃതക്ലബ്ബുകൾക്ക് സ്വന്തമായി സ്ഥലം ഉണ്ടെങ്കിൽ 2(1)-ൽ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ പൂർണ്ണമാണെങ്കിൽ അത്തരം ക്ലബ്ബുകളുടെ കളിസ്ഥലങ്ങൾ

6. കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള (സ്പോർട്സ് ഹോസ്റ്റൽ, സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, റൂറൽ ട്രെയിനിംഗ് സെന്റർ, ഡേ ബോർഡിംഗ് സ്കീം, സ്പോർട്സ് ട്രെയിനിംഗ് സെന്റർ) എന്നിവയ്ക്ക് മുൻമണന.

(ബി) ഏറനാട് മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൻകീഴിൽ ഏതെങ്കിലും പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടോ ;

(ബി) ഇല്ല.

| | | | |
|---|---|---|---|
| (സി) | ഇല്ലെങ്കിൽ നിലവിൽ ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; നിലവിൽ ഉള്ളവ പരിശോധിച്ച് പ്രസ്തുത പദ്ധതിയിൻകീഴിൽ അനുമതി നൽകിയവയുടെ വിശദാംശം നിയോജകമണ്ഡല അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ? | (സി) | നിലവിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ/ പ്രൊപ്പോസലുകളിൽ കായികയുവജനകാര്യ ഡയറക്ടർ മാനദണ്ഡങ്ങൾക്കനുസരിച്ച് പരിശോധിച്ച് ബഹു.കായിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള സംസ്ഥാനകമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും അവയിൽ യോഗ്യതയുള്ളവയെ 'ടി' കമ്മിറ്റി സ്മൈൽ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുന്നതുമാണ്.<br>ടി പദ്ധതിപ്രകാരം 2012-13 സാമ്പത്തിക വർഷത്തിൽ സ്മൈൽ പദ്ധതിയിൻ കീഴിൽ അനുവദിക്കപ്പെട്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് (നിയോജക മണ്ഡല അടിസ്ഥാനത്തിൽ) അനുബന്ധമായി ചേർത്തിരിക്കുന്നു. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ